പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 645</u> <u>31.10.2011-ൽ മറുപടിക്ക്</u>

## <u>പ്ലാസ്റ്റിക് സംസ്കരണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ:<br>" കെ.രാധാകൃഷ്ണൻ:<br>" കെ.വി.അബ്ദുൾ ഖാദർ:<br>" പുരുഷൻ കടലുണ്ടി:: | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ സംസ്കരിച്ച് പെല്ലറ്റുകളാക്കി മാറ്റുന്നതിന് ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും സംസ്ക്കരണശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;<br><br>ബി) എത്ര ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും ഇത് നടപ്പിലാക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ ; | എ) & ബി) സംസ്ഥാനത്ത് താല്പര്യത്തോടെ മുന്നോട്ടുവരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് സംസ്കരണത്തിനുള്ള യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. കൊച്ചി നഗരസഭയും കേരളാ ബിൽഡേഴ്സ് ഫോറവുമായി സഹകരിച്ച് എറണാകുളത്തെ രവിപുരത്ത് ഒരു പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കണ്ണൂർ ജില്ലയിൽ ചെമ്പിലോട് ഗ്രാമ പഞ്ചായത്തിൽ 12.25 ലക്ഷം രൂപ മുലധന ചെലവിൽ പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഒറ്റപ്പാലം നഗരസഭയിൽ ഒരു പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ചുവരുന്നു. പ്ലാസ്റ്റിക് റീസൈക്ലിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഗ്രാമ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്തുതലത്തിൽ സ്ഥാപിക്കുന്നതിനായി ഏകദേശം 5.25 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതിക്കാണ് അനുമതി നൽകി വരുന്നത് ഇപ്രകാരം ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ജില്ലാതലത്തിൽ ഒരു റീസൈക്ലിംഗ് യൂണിറ്റ് സ്ഥാപിച്ച് ഗ്രാന്യൂളുകളാക്കാനാണ് |

പ്രോത്സാഹനം നൽകിവരുന്നത്. ജില്ലാതലത്തിൽ പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ഏകദേശം 18 ലക്ഷം രൂപ മൂലധന ചെലവ് പ്രതീക്ഷിക്കുന്നു. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിച്ച് പ്ലാസ്റ്റിക് വസ്തുക്കൾ പൊടിക്കുന്നത് റീസൈക്ലിംഗ് യൂണിറ്റിലേയ്ക്ക് കൊണ്ടുപോകാനും കൈകാര്യം ചെയ്യാനും സൗകര്യമാകും. പലപ്പോഴും പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിലേയ്ക്കുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജാണ് പ്ലാസ്റ്റിക് റീസൈക്ലിംഗ് വ്യവസായത്തിന് സാമ്പത്തികമായി വിഘാതമായി വരുന്ന പ്രധാന ഘടകം. ഈ പോരായ്മ പരിഹരിക്കാൻ മേൽ രീതിയിലുള്ള നടപടി സഹായിക്കുമെന്നാണ് കരുതുന്നത്.

സി) ഈ വർഷം ഇതിനായി എന്തു തുക ചെലവഴിക്കും ; ലക്ഷ്യം വിശദമാക്കാമോ ?

സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഇതിലേയ്ക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനനുസരിച്ച് സാങ്കേതിക അംഗീകാരവും ഭാഗിക സാമ്പത്തിക സഹായവും നൽകി പ്രോത്സാഹിപ്പിച്ചുവരുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ ഇത്തരത്തിലുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് - റീസൈക്ലിംഗ് യൂണിറ്റുകൾ ഉൾപ്പെടുന്ന റീസോഴ്സ് റിക്കവറി സെന്ററുകൾക്കായി നീക്കി വെച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ